ഉത്തരം

(എ) 12/2001/ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പെരുവണ്ണാമൂഴി ജലസ്രോതസ്സായ കൊയിലാണ്ടിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ എല്ലാ പ്രവർത്തികളും പൂൾ നേരത്തെ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം മേഖല 3/96/ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ ചാർജ്ജു ചെയ്യുമ്പോൾ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച പൈപ്പ് ജോയിന്റുകളിലെ റബ്ബർ റിങ്ങുകളിലൂടെ ജലം ചോരുന്നതിനാലും, പൈപ്പുകൾ ഇടയ്ക്കിടെപൊട്ടുന്ന തുകൊണ്ടും മറ്റു മേഖലകൾ ഇതുവരെ കമ്മിഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. പദ്ധതി പൂർണ്ണമായി കമ്മിഷൻ ചെയ്യാനുള്ള തടസ്സങ്ങളെപ്പറ്റി പഠിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ഒരു വിദഗ്ധ സമിതിയെ അധികാരപ്പെടുത്തുകയും ആ സമിതി 203 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കൽ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാനായി ഉത്തരമേഖലാ ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

മുളക്കുഴ ശുദ്ധജല പദ്ധതി

50 (3450)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എത്രയുംപെട്ടെന്ന് പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ശുദ്ധജലവിതരണ പദ്ധതിയുടെ 2.40 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി, ബമ്പ്, പമ്പ്ഹൗസ് എന്നിവ പണിയുന്നതിന് കരാർ ഉറപ്പിച്ചു കഴിഞ്ഞു. പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്.

(ബി) നൽകുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

51 (3451)ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. രാജു :

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly